പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6495 | 08.11.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷ്യ സുരക്ഷാ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി**<br>**,, എൻ. ഷംസുദ്ദീൻ**<br>**,, എം.ഉമ്മർ**<br>**,, പി.ബി. അബ്ദുൽ റസ്സാക്ക്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സുരക്ഷിത ഭക്ഷണം ജനങ്ങൾക്ക് ഉറപ്പാക്കുന്നതിന് രൂപീകരിച്ച ഭക്ഷ്യ സുരക്ഷാ നിയമ വ്യവസ്ഥകൾ സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കിയിട്ടുണ്ടോ; | എ) & ബി) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006, 2011 ലെ ഭക്ഷ്യസുരക്ഷാ റൂൾസ് ആന്റ് റെഗുലെഷൻ എന്നിവ രാജ്യത്താകമാനം 2011 ആഗസ്റ്റ് 5 മുതൽ പ്രാബല്യത്തിൽ വരുത്തികൊണ്ട് കേന്ദ്ര ഗസറ്റിൽ വിഞ്ജാപനം ചെയ്തിട്ടുണ്ട്. ഈ കേന്ദ്ര നിയമവും റഗുലേഷനും അനുസരിച്ച് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയും സെന്ട്രൽ അഡ്വൈസറി കമ്മിറ്റിയും ഈ നിയമം പൂർണ്ണമായി നടപ്പിലാക്കാൻ ചുമതലപ്പെട്ട സ്റ്റാറ്റ്യൂട്ടറി ബോഡികളാണ്. ടി സ്റ്റാറ്റ്യൂട്ടറി ബോഡികളുടെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ നടത്തിവരുന്നു. |
| ബി) | ഇല്ലെങ്കിൽ ഏതൊക്കെ വ്യവസ്ഥകളാണ് ഇനിയും നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| സി) | മായം ചേർക്കുന്നതു സംബന്ധിച്ചോ മറ്റ് ക്രമക്കേടുകൾ സംബന്ധിച്ചോ വിലപ്പെട്ട വിവരങ്ങൾ കൈമാറുന്നവർക്ക് പാരിതോഷികം നല്കുന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ ആർക്കെങ്കിലും പാരിതോഷികം നല്കിയിട്ടുണ്ടോ എന്ന വിവരം വെളിപ്പെടുത്തുമോ? | സി) | ഉണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ചട്ടങ്ങൾ രൂപപ്പെടുത്തിയിട്ടില്ല. അതിനാൽ പാരിതോഷികം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ